"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കൃഷി വകുപ്പിനു കീഴിലുള്ള ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് - ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറായുമുള്ള ശ്രീ. ജോൺ സെബാസ്റ്റ്യന്റെ സേവന കാലാവധി - ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (പി.യു) വകുപ്പ്

സ.ഉ.(കൈ) നം.27/2025/AGRI തീയതി, തിരുവനന്തപുരം, 10-03-2025

---

പരാമർശം:- 1. 06.06.2022 ലെ സ.ഉ.(കൈ) നം.49/2022/കൃഷി

2. 09.10.2023 ലെ സ.ഉ.(കൈ) നം.93/2023/കൃഷി

**<u>ഉത്തരവ്</u>**

കൃഷി വകുപ്പിനു കീഴിലുള്ള ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറായും ശ്രീ.ജോൺ സെബാസ്റ്റ്യനെ പരാമർശം (1) പ്രകാരം ഒരു വർഷത്തേയ്ക്ക് കരാർ നിയമന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം ടിയാന്റെ സേവന കാലാവധി 06.06.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകയുണ്ടായി. പ്രസ്തുത കാലാവധി 05.06.2024ന് അവസാനിച്ചിട്ടുള്ളതാണ്.

2. ഈ സാഹചര്യത്തിൽ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറുമായുമുള്ള ശ്രീ. ജോൺ സെബാസ്റ്റ്യന്റെ സേവന കാലാവധി 6.6.2024 മുതൽ ഒരു വർഷത്തേയ്ക്കോ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് മുഖേന നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം, അതുവരെ ദീർഘിപ്പിച്ചു നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്

PRINCIPAL SECRETARY & APC

ശ്രീ. ജോൺ സെബാസ്റ്റ്യൻ, മാനേജിംഗ് ഡയറക്ടർ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്

ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ഡയറക്ടർ ബോർഡിലെ എല്ലാ അംഗങ്ങൾക്കും

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (6.1.2025 ലെ No. 1932297/PU-B1/110/2021-Fin നം. ഫയൽ പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (04.03.2025 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം.നം. 2767)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Premchand C P

Date: 11-03-2025 10:31:22

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 04-03-2025**

ഫയൽ നം. AGRI-PU1/158/2021/AGRI. ഇനം നം: 2767

വിഷയം : കൃഷി വകുപ്പ് - ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറായുമുള്ള ശ്രീ. ജോൺ സെബാസ്റ്റ്യന്റെ സേവന കാലാവധി 06.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നത്.

തീരുമാനം : 06.06.2024 മുതൽ ഒരു വർഷത്തേയ്ക്കോ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് മുഖേന നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

Dr. B. ASHOK IAS
Principal Secretary &
Agricultural Production Commissioner
Agricultural Department

2767

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നമ്പർ. AGRI -PU1/158/2021-AGRI |
| 2 | വകുപ്പ് | കൃഷി (പി.യു.) വകുപ്പ് |
| 3 | വിഷയം | ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറായുമുള്ള ശ്രീ. ജോൺ സെബാസ്റ്റ്യന്റെ സേവന കാലാവധി 6.6.2024 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07.02.2025 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സുരേഷ് കുമാർ. കെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ ബി. അശോക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 18.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.02.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03.03.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കൃഷി വകുപ്പിനു കീഴിലുള്ള ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡ് അംഗവുമായുള്ള ശ്രീ. ജോൺ സെബാസ്റ്റ്യന്റെ സേവന കാലാവധി 6.6.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതു സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിച്ചിരിക്കുന്നത്.

2. കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ജനറൽ മാനേജരായി വിരമിച്ച ശ്രീ.ജോൺ സെബാസ്റ്റ്യനെ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും, മാനേജിംഗ് ഡയറക്ടറായും കരാർ നിയമന വ്യവസ്ഥയിൽ 06.06.2022 ലെ സ.ഉ(കൈ)നം.49/2022/കൃഷി പ്രകാരം ഒരു വർഷത്തേയ്ക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 09.10.2023 ലെ സ.ഉ.(കൈ)നം.93/2023/കൃഷി പ്രകാരം ടിയാന്റെ സേവന കാലാവധി 06.06.2023 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകയുണ്ടായി. പ്രസ്തുത കാലാവധി 05.06.2024 ന് അവസാനിച്ചു.

3. ശ്രീ.ജോൺ സെബാസ്റ്റ്യന്റെ ബയോഡാറ്റ പ്രകാരം ടിയാന്റെ ജനന തീയതി 20.04.1961-ആണ് എന്നതിനാൽ ടിയാൻ 6.11.2021 ലെ സ.ഉ.(കൈ)നം.31/2021/പ്ലാനിംഗ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധിയ്ക്കുള്ളിലാണ്.

4. ശ്രീ. ജോൺ സെബാസ്റ്റ്യനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ വിജിലൻസ് കേസുകളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ലെന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. വിജിലൻസ് വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തനിക്കെതിരെ വിജിലൻസ് കേസുകളോ ക്രിമിനൽ കേസുകളോ നിലവിലില്ലയെന്ന സത്യപ്രസ്താവന ശ്രീ ജോൺ സെബാസ്റ്റ്യൻ ലഭ്യമാക്കിയിട്ടുമുണ്ട്.

5. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം അറിയിച്ചിരിക്കുന്നു.

> " ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ജോൺ സെബാസ്റ്റ്യന്റെ കരാർ നിയമന കാലാവധി നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ ബാധകമാക്കികൊണ്ട്, 06.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു."

6. വിജിലൻസ് / ധനകാര്യ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ജോൺ സെബാസ്റ്റ്യന്റെ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടറായും ഡയറക്ടർ ബോർഡ് അംഗമായുമുള്ള സേവന കാലാവധി 05.06.2024 ൽ

അവസാനിച്ചിട്ടുള്ളതിനാൽ ടിയാന്റെ നിയമന കാലാവധി, കരാർ നിയമന വ്യവസ്ഥയിൽ, നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ട്, 06.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതു സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായുമുള്ള ശ്രീ.ജോൺ സെബാസ്റ്റ്യന്റെ സേവന കാലാവധി 05.06.2024 ന് അവസാനിച്ച സാഹചര്യത്തിൽ ടിയാന്റെ സേവന കാലാവധി, നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ ബാധകമാക്കികൊണ്ട്, കരാർ നിയമന വ്യവസ്ഥയിൽ 06.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകാമോ?